മി. സ്പീക്കർ : കാളിംഗ് അറന്റൻഷൻ, ശ്രീ. എം. വി. രാഘവൻ. He is not moving calling attention, ശ്രീ. പന്തളം സുധാകരൻ.

III ശ്രദ്ധക്ഷണിക്കൽ

കോളേജദ്ധ്യാപകർ നടത്തുന്ന സ്വകാര്യ ട്യൂഷനുകൾ

ശ്രീ. പന്തളം സുധാകരൻ : സർ, സംസ്ഥാന ഗവൺമെന്റ്, സ്വകാര്യ കോളേജുകളിലെ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നത് നമ്മുടെ പൊതു ഖജനാവിൽ നിന്നാണ്. എന്നാൽ കേരളത്തിലെ മിക്ക ഗവൺമെന്റു കോളേജുകളിലെയും സ്വകാര്യ കോളേജുകളിലെയും സയൻസ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ സ്വന്തം വീടുകളിൽ നടത്തുന്നതുമൂലം കോളേജുകളിൽ സയൻസ് വിഷയങ്ങളിൽ ക്ലാസെടുക്കുന്നില്ല എന്നപരാതി വ്യാപകമായി ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭാസമന്ത്രിക്കും അതുപോലെ തന്നെ സർവ്വകലാശാല വൈസ് ചാൻസലർമാർക്കും, സിൻഡിക്കേറ്റിനും, നിരവധി തവണ നിർദ്ധനരായ പല വിദ്യാർത്ഥികളും പരാതികൾ സമർപ്പിച്ചതാണ്. ഇന്ന് കേരളത്തിൽ പ്രത്യേകിച്ചും ഗവൺമെന്റിന്റെയും, യൂണിവേഴ്സിറ്റിയുടെയും മൂക്കിനു താഴെയുള്ള തിരുവനന്തപുരം പോലുള്ള നഗരത്തിൽ പോലും പല അദ്ധ്യാപകരും കെമിസ്ട്രിയും, ഫിസിക്സുമൊക്കെ പഠിപ്പിക്കുന്നു. പ്രത്യേകിച്ച് സയൻസ് വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുനിമിത്തം സയൻസ് ക്ലാസ്സുകൾ പൂർണ്ണമായും ഒഴിവാക്കുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട്, പ്രൈവറ്റ് ട്യൂഷനിൽ അമിതമായ ഫീസ് ഈടാക്കുന്നു. 500-ഓളം വരുന്ന വിദ്യാർത്ഥികളെ സ്വന്തം വീട്ടിൽ ഹാൾ കെട്ടിയുണ്ടാക്കി പല ബാച്ചുകളായി പഠിപ്പിക്കുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട്, ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി കർശനമായി ഈ സ്വകാര്യ ട്യൂഷൻ നിറുത്തലാക്കുന്നതിനും സ്വകാര്യ ട്യൂഷൻ എടുക്കുന്ന അദ്ധ്യാപകരുടെ പേരിൽ നടപടിയെടുക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി നിർദ്ദേശം നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിലെയും അതുപോലെ തന്നെ പ്രൈവറ്റ് കോളേജുകളിലെയും അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്നതായിട്ടുള്ള പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് കോളേജ് അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി ട്യൂഷൻ എടുക്കുന്നത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ കുറ്റക്കാരുടെമേൽ കർശനമായ നടപടികൾ സ്വീകരിക്കാൻ കഴിയും. ഇന്ന് നിലവിലുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിദ്യാഭ്യാസ ഡയറക്ടർക്ക് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ ഉണ്ടായിട്ടുള്ള പരാതികൾ പോലീസ് വിജിലൻസ് വകുപ്പുതന്നെ അന്വേഷിക്കുകയും അങ്ങനെയുള്ള ആളുകളുടെ പേരിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കോളേജ് അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം നടപടികൾ സ്വീകരിക്കേണ്ടത് മാനേജുമെന്റാണ്. 1979-ലെ 17-ാം സ്റ്റാറ്റ്യൂട്ട് പ്രകാരം സ്വകാര്യ ട്യൂഷൻ നിരോധിക്കപ്പെട്ടിട്ടുള്ളതാണ്. ഇങ്ങനെ നിരോധിച്ചിട്ടുള്ള ട്യൂഷൻ എടുക്കുന്ന അദ്ധ്യാപകർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കാൻ എല്ലാ സ്വകാര്യ മാനേജുമെന്റുകളോടും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് അഭ്യർത്ഥിച്ചിട്ടുണ്ട്. പക്ഷേ നേരത്തെയുള്ള ഒരു നിബന്ധനയനുസരിച്ച്, നിലവിലുള്ള സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. നിലവിലുള്ള സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ ഭേദഗതിചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. നിലവിലുള്ള കേരള, കോഴിക്കോട് സർവ്വകലാശാലകളിലെ 79-ലെ 1-ാം സ്റ്റാറ്റ്യൂട്ടിലെ 17-ാം വകുപ്പനുസരിച്ച് പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ പ്രിൻസിപ്പാളിന്റെ രേഖാമൂലമുള്ള ഉത്തരവ് ഇല്ലാതെ പ്രൈവറ്റ് ട്യൂഷൻ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലെ ജോലി തുടങ്ങിയ പ്രതിഫലം കിട്ടുന്ന ജോലികൾ ചെയ്യാൻ പാടില്ലെന്നാണ് വ്യവസ്ഥ. ഇതനുസരിച്ച് പ്രിൻസിപ്പാളിന്റെ അനുവാദമുണ്ടെങ്കിൽ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്ക് പ്രൈവറ്റ് ട്യൂഷൻ എടുക്കുകയോ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ പഠിപ്പിക്കുകയോ ചെയ്യാം. ഈ പ്രവണത തടയുന്നതിന് പ്രിൻസിപ്പാളിന്റെ രേഖാമൂലമുള്ള അനുവാദമുണ്ടെങ്കിൽ മറ്റ് ജോലികളിലേർപ്പെടാം എന്നുള്ള വ്യവസ്ഥ നീക്കം ചെയ്ത് സ്റ്റാറ്റ്യൂട്ടറിയിൽ വേണ്ട ഭേദഗതി വരുത്താൻ ഗവൺമെൻറ് സർവ്വകലാശാലയോട് അഭ്യർത്ഥിച്ചിരിക്കുന്നു. ഇതനുസരിച്ച് കേരള സർവ്വകലാശാല അവരുടെ സ്റ്റാറ്റ്യൂട്ടിൽ മാറ്റം വരുത്തിയിട്ടുണ്ട്. കാലിക്കട്ട് യൂണിവേഴ്സിറ്റിയും ഗാന്ധിജി യൂണിവേഴ്സിറ്റിയും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് കോളേജ് അദ്ധ്യാപകരാണെങ്കിലും സ്വകാര്യകോളേജ് അദ്ധ്യാപകരാണെങ്കിലും സ്വകാര്യ ട്യൂഷൻ എടുക്കുന്നത് നിരോധിക്കാനുള്ളതുതന്നെയാണ്. അങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാൽ ഗവൺമെൻറ് കോളേജുകളിൽ പെട്ടെന്നുതന്നെ നടപടി സ്വീകരിക്കാൻ കഴിയും, സ്വകാര്യ കോളേജുകളിൽ മാനേജുമെൻറുകൾ നടപടി സ്വീകരിക്കുന്നില്ലെങ്കിൽ അവർക്കെതിരെകൂടി നിയമപരമായി നടപടികൾ സ്വീകരിക്കത്തക്ക നിലയിലുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് സന്നദ്ധമാണ്.

IV. സബ്മിഷൻ

ചെങ്ങന്നൂർ ട്രാൻസ്പോർട്ട് ഡിപ്പോയുടെ ശോചനീയാവസ്ഥ

ശ്രീ. എസ്. രാമചന്ദ്രൻ പിള്ള: സർ, ചെങ്ങന്നൂരിലെ ട്രാൻസ്പോർട്ട് ഡിപ്പോയുടെ ഇന്നുള്ള സ്ഥിതിയെക്കുറിച്ച് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ചെങ്ങന്നൂരിനെ സംബന്ധിച്ചിടത്തോളം മദ്ധ്യ തിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട ഡിപ്പോയാണ്. ഏതാണ്ട് 100-ൽപ്പരം ഷെഡ്യൂൾ അവിടെനിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ടായിരുന്നു. എന്നാൽ കാലക്രമത്തിൽ കഴിഞ്ഞ ഒന്നു രണ്ട് വർഷമായിട്ട് ഈ ഷെഡ്യൂളുകൾ എല്ലാം കുറഞ്ഞിട്ടുണ്ട്. 57 ബസ്സുകൾ മാത്രമേ ഇന്ന് അവിടെയുള്ളൂ. അതിൽ 27 ബസ്സുകളും കട്ടപ്പുറത്താണ്. ഈയടുത്ത കാലത്ത് നമുക്കറിയാം ശബരിമല സീസൺ വന്നതോടുകൂടി ഏറ്റവും കൂടുതൽ അയ്യപ്പ ഭക്തൻമാർ വടക്കേയിൻഡ്യയിൽ നിന്നും ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങുകയും, അവിടെനിന്നും കെ.എസ്.ആർ.ടി.സി. ബസ്സുകളെ മാത്രം ആശ്രയിച്ചുകൊണ്ട് അവർ ശബരിമലയിൽ പോവുകയുമാണ് ചെയ്യുന്നത്. ഇപ്പോൾ അവർക്കുവേണ്ട സൗകര്യം അവിടെയില്ല.

LIBRARY ARCHIVES Kerala Legislative Assembly